ഉദ്ദേശിക്കുന്നത്. ടി സർവ്വീസുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നത് യാത്രക്കാരുടെ എണ്ണം കുറയുന്നതിനും അതുവഴി കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന നഷ്ടത്തിനും ഇടയാകുന്നുണ്ട്. ആയതിനാൽ വള്ളിക്കാപ്പറ്റയിൽ ടൗൺ ടു ടൗൺ സർവ്വീസുകൾക്ക് ഇപ്പോൾ സ്റ്റോപ്പ് അനുവദിക്കുവാൻ കഴിയുകയില്ല.

അമിതവേഗത്തിൽ വാഹനമോടിച്ചതിനുള്ള പിഴ

282 (1987) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമിത വേഗത്തിൽ വാഹനമോടിച്ചതിന് എത്ര വാഹന ഉടമകൾക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് കേസ് എടുത്തിട്ടുണ്ട് ;

(ബി) അമിത വേഗത്തിൽ വാഹനമോടിച്ചതിന് ഓരോരുത്തർക്കും എത്ര രൂപയാണ് പിഴ ചുമത്തിയിട്ടുള്ളത് ; ഇങ്ങനെ പിഴ ചുമത്തപ്പെട്ടവരുടെ കൂട്ടത്തിൽ മന്ത്രിമാർ, എം. എൽ.എ.-മാർ തുടങ്ങിയ വി.ഐ.പി.-കൾ ഉണ്ടോ ; വിശദാംശം നൽകാമോ ;

(സി) നോട്ടീസ് നൽകിച്ച് സമയപരിധി കഴിഞ്ഞിട്ടും പിഴ ഒടുക്കാത്തവർ ഉണ്ടോ ; ഇപ്രകാരമുള്ളവരുടെ കൂട്ടത്തിലും വി.ഐ.പി.-കൾ ഉണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) അമിത വേഗത്തിൽ വാഹനമോടിച്ചതിന് ക്യാമറ നിരീക്ഷണ സംവിധാനം വഴിയും അല്ലാതെയും 1273310 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(ബി) 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 183 അനുസരിച്ച് അമിത വേഗത്തിൽ വാഹനം ഓടിച്ചവർക്ക് ആദ്യ പ്രാവശ്യം 400 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. ഈ തെറ്റ് വീണ്ടും ആവർത്തിച്ചവർക്കെതിരെ 1000 രൂപ പിഴ ചുമത്തിയിട്ടുണ്ട്. ഇങ്ങനെ പിഴ ചുമത്തപ്പെട്ടവരുടെ കൂട്ടത്തിൽ മന്ത്രിമാർ, എം.എൽ.എ.-മാർ തുടങ്ങിയ വി.ഐ.പി.-കൾ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. ഇക്കൂട്ടത്തിൽ വി.ഐ.പി.-കൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓട്ടോറിക്ഷാക്കാരുടെ അമിത കൂലി ഈടാക്കൽ

283 (1988) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടോറിക്ഷാ ഡ്രൈവർമാർ യാത്രക്കാരിൽ നിന്നും അമിത കൂലി ഈടാക്കുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly